**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2365 — 19.06.2013- ൽ മറുപടി നൽകേണ്ടിയിരുന്നത്.

**<u>ആരോഗ്യ വകുപ്പിലെ ഡെപ്യൂട്ടേഷൻ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും, കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ക്ലറിക്കൽ വിഭാഗത്തിൽ അല്ലാത്ത തസ്തികയിൽ ആരോഗ്യ വകുപ്പിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ടോ എന്നും ഏതെല്ലാം വിഭാഗത്തിലുള്ള ജീവനക്കാർക്കാണ് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കുമോ; | എ) & ബി) | ആരോഗ്യ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ ഒഴികെയുള്ളവർക്ക് 7.5.2012 മുതൽ അന്യത്രസേവനം അനുവദിക്കുന്നതല്ല എന്ന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 27.8.2012 ൽ മേൽപ്പറഞ്ഞ ഉത്തരവിൽ ഭേദഗതി വരുത്തി നിലവിൽ അന്യത്ര സേവനത്തിൽ ആയിരിക്കുന്ന ജീവനക്കാരുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും ആരോഗ്യ വകുപ്പിൽ നിന്നും മറ്റു വകുപ്പുകളിലെ സമാന തസ്തികകളിലേക്ക് അന്യത്ര സേവനം അനുവദിക്കുന്നതാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | ആരോഗ്യവകുപ്പിൽ ക്ലറിക്കൽ അല്ലാത്ത തസ്തികകളിലെ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാൻ പാടില്ല എന്ന് ഉത്തരവ് നൽകിയിട്ടുണ്ടോ എന്നും ഉത്തരവിന് വിരുദ്ധമായി ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | | |
| സി) | സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ഡെപ്യൂട്ടേഷനിൽ പോയ എല്ലാ ആരോഗ്യ വകുപ്പ് ജീവനക്കാരെയും തിരികെ വിളിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.